# ക്രോഡീകരണത്തിലെ വൈവിധ്യം




**വ്യത്യസ്ത** മാനദണ്ഡങ്ങൾക്കനുസൃതമായി ക്രോഡീകരിക്കപ്പെട്ട ഹദീസ് ഗ്രന്ഥങ്ങൾ വിവിധ പേരുകളിലാണ് അറിയപ്പെടുന്നത്.

**1. ജാമിഅ്**: എല്ലാ വിഷയങ്ങളെക്കുറിച്ചുമുള്ള ഹദീസുകൾ രേഖപ്പെടുത്തിയ ഗ്രന്ഥത്തിന് ജാമിഅ് എന്നാണ് പറയുക. എതെങ്കിലുമൊരു പ്രത്യേക വിഷയത്തിൽ പരിമിതപ്പെടുത്താതെ എല്ലാ വിഷയങ്ങളെക്കുറിച്ചുമുള്ള ഹദീസുകൾ വിഷയക്രമത്തിൽ ക്രോഡീകരിച്ചിരിക്കും ജാമിഇൽ.

**2. മജ്മൂഅ്**: മജ്മൂഅ് എന്നോ മജാമിഅ് എന്നോ അറിയപ്പെടുന്നത് ജാമിഉകളിൽനിന്നും അതല്ലാത്ത കൃതികളിൽനിന്നും തെരഞ്ഞെടുത്ത് സമാഹരിച്ചവയാണ്. *മശാരിഖുൽ അൻവാരിന്നബവിയ്യ മിൻസ്വിഹാഹിൽ അഖ്ബാരിൽ മുസ്ത്വഫിയ്യ* എന്ന ഇബ്നു മുഹമ്മദ് സ്വഗാനിയുടെ ഗ്രന്ഥവും സ്വിഹാഹുസ്സിത്തയിൽനിന്ന് ഹദീസുകൾ സമാഹരിച്ച് ഇബ്നു കസീർ തയാറാക്കിയ ജാമിഉൽഉസ്വൂലും മജ്മൂഇന്ന് ഉദാഹരണമാണ്.

**3. മുസ്നദ്**: ഹദീസ് നിവേദകന്മാരായ സ്വഹാബിമാരുടെ പേരുകളനുസരിച്ച് അധ്യായം തിരിച്ച ഹദീസ് ഗ്രന്ഥങ്ങൾക്കാണ് മുസ്നദ് എന്ന്പറയുന്നത്.

**4. സുനൻ**: സാങ്കേതികാർഥത്തിൽ കർമശാസ്ത്ര(ഫിഖ്ഹ്)വിഷയങ്ങളുടെ അടിസ്ഥാനത്തിൽ അധ്യായങ്ങൾ തിരിച്ചവയാണ് സുനനുകൾ.

**5. മുസ്വന്നഫ്**: കർമശാസ്ത്ര വിഷയക്രമത്തിൽ ഹദീസുകൾ ക്രമീകരിച്ചവയാണ് മുസ്വന്നഫ്. സുനനിൽ മർഫൂആയ ഹദീസുകൾ മാത്രമേ ഉണ്ടാകൂ. പക്ഷേ മുസ്വന്നഫിൽ അതല്ലാത്തതും കാണും.

**6. അഹ്കാം**: വിധിവിലക്കുകൾ എന്നാണ് അഹ്കാം എന്നവാക്കിന്റെ ഭാഷാർഥം. വ്യത്യസ്ത ഹദീസ് കൃതികളിൽനിന്ന് വിധിവിലക്കുകളെ സംബന്ധിച്ച ഹദീസുകൾ തെരഞ്ഞെടുത്ത് ക്രോഡീകരിച്ചവയാണ് അഹ്കാം.

**7. മുവത്ത്വ**: കർമശാസ്ത്രവിഷയക്രമത്തിൽ ഹദീസുകൾ ക്രോഡീകരിച്ച മുവത്ത്വ മുസ്വന്നഫിന്റെ മറ്റൊരു രൂപമാണ്. ഇമാം മാലികിന്റെ മുവത്ത്വ വിശ്രുതമാണ്.

**8. മുസ്തഖ്റജ്**: ഒരു മുഹദ്ദിസ് ക്രോഡീകരിച്ച ഗ്രന്ഥത്തിലുള്ള ഹദീസ് മറ്റൊരു നിവേദക പരമ്പരയിലൂടെ ഉദ്ധരിച്ചുകൊണ്ട് സമാഹരിച്ച ഗ്രന്ഥങ്ങളെയാണ് മുസ്തഖ്റജ് എന്നു വിളിക്കുന്നത്. അബൂ നുഐമുൽ ഇസ്ബഹാനിയുടെ *അൽ മുസ്തഖ്റജു അലശ്ശൈഖൈനി*, അബൂ അവാനിൽ ഇസ്ഫറാനിയുടെ *അൽമുസ്തഖ്റജു അലാ മുസ്‌ലിം* എന്നിവ ഉദാഹരണം.

**9. മുസ്തദ്റക്**: ഒരു ഹദീസ് പണ്ഡിതന്റെ സമാഹാരത്തെ അവലംബിച്ച് അദ്ദേഹം തന്റെ മാനദണ്ഡങ്ങൾക്കനുസരിച്ച് ഉദ്ധരിച്ചിട്ടില്ലാത്ത ഹദീസുകൾ സമാഹരിച്ച കൃതികൾക്കാണ് മുസ്തദ്റക് എന്നുപറയുന്നത്. ഇമാം മാലിക് രചിച്ച അൽ മുസ്തദ്റക് അലസ്സ്വഹീഹൈനി ഉദാഹരണം.

**10. മുഅ്ജമ്**: ഹദീസ് നിവേദകരുടെ പരമ്പര അക്ഷരമാലാക്രമത്തിൽ ഉദ്ധരിച്ചിട്ടുള്ള ഹദീസ് സമാഹാരമാണ് മുഅ്ജം എന്നറിയപ്പെടുന്നത്. ഇമാം ത്വബറാനി തയാറാക്കിയ മുഅ്ജമുകളും അബൂയഅ്ലയുടെ മുഅ്ജമുസ്സ്വഹാബയും ഇതിനുദാഹരണമാണ്.

ഇവക്കുപുറമെ ജുസ്അ്, അത്വ്റാഫ്, കിതാബുൽ ഇലൽ തുടങ്ങിയ നാമങ്ങളിലറിയപ്പെടുന്ന സമാഹാരങ്ങളുമുണ്ട്.